## വിക്ടോറിയയിലൂടെ

ഗവൺമെന്റ് വിക്ടോറിയ കോളേജ്, പാലക്കാട്, ഇന്ത്യയിലെ എണ്ണമറ്റ കലാലയങ്ങൾക്കിടയിൽ അതിന്റേതായ പ്രൗഢിയും ആകർഷണീയതയും നിലനിർത്തുന്ന ഒരു ഉന്നത വിദ്യാഭ്യാസ സ്ഥാപനമാണ്. ശ്രദ്ധേയമായ നേട്ടങ്ങളോടെ, നാക്കിന്റെ (NAAC) നാലാം പാദ അക്രഡിറ്റേഷനിൽ എ ഗ്രേഡും, എൻ. ഐ. ആർ. എഫ് ദേശീയ റാങ്കിംഗിൽ 84-ാം സ്ഥാനവും ഈ കലാലയം കരസ്ഥമാക്കിയിട്ടുണ്ട്. 2024ലെ സംസ്ഥാന സർക്കാർ റാങ്കിംഗായ കെ.ഐ. ആർ. എഫ്. ൽ, കോളേജ് വിഭാഗത്തിൽ 23-ാം സ്ഥാനവും, റാങ്കിംഗിൽ ഉൾപ്പെട്ട സർക്കാർ കോളേജുകളിൽ മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

137 വർഷത്തിലേറെ നീളുന്ന പാരമ്പര്യം ഈ സ്ഥാപനത്തിന് ശക്തമായ അടിത്തറ നൽകുന്നു. മലയാളം, തമിഴ്, സംസ്കൃതം, ഹിന്ദി തുടങ്ങിയ ഭാഷകളെ പരിപോഷിപ്പിക്കുകയും സാംസ്കാരിക വൈവിധ്യങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിനാൽ ഇതൊരു പൈതൃക സ്ഥാപനമായി അംഗീകരിക്കപ്പെടുന്നു. 1866 ൽ ഒരു റേറ്റ് സ്കൂളായി പ്രവർത്തനമാരംഭിച്ച കോളേജ്, 1888 ൽ മദ്രാസ് സർവ്വകലാശാലയ്ക്ക് കീഴിൽ ഒരു സെക്കൻഡ് ഗ്രേഡ് കോളേജായി ഉയർത്തപ്പെട്ടു. ഇന്ന്, കേരള സർക്കാർ അംഗീകരിച്ച ഒരു സെന്റർ ഓഫ് എക്സലൻസ് എന്ന അഭിമാനകരമായ പദവിയിലാണ് ഈ സ്ഥാപനം നിലകൊള്ളുന്നത്.

കാലിക്കട്ട് സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജിൽ, 15 ബിരുദ കോഴ്സുകളും, 11 ബിരുദാനന്തര ബിരുദ കോഴ്സുകളും, 10 സജീവ ഗവേഷണ പ്രോഗ്രാമുകളും ഊർജ്ജസ്വലമായി നടക്കുന്നു. 2018 ൽ, മലയാളത്തിൽ ബിരുദാനന്തര ബിരുദ തലത്തിലും, 2020 ൽ സൈക്കോളജിയിൽ ബിരുദ തലത്തിലും പുതിയ കോഴ്സുകൾ ആരംഭിച്ചത് അക്കാദമിക രംഗത്തെ വളർച്ചക്ക് ആക്കം കൂട്ടി. 2024 ൽ, ദേശീയ വിദ്യാഭ്യാസ നയത്തിനനുസൃതമായി നാലു വർഷ ബിരുദം നടപ്പാക്കിയതിലൂടെ, 15 മേജർ കോഴ്സുകളും 48 മൈനർ കോഴ്സുകളും, 16 മൾട്ടിഡിസിപ്ലിനറി കോഴ്സുകളും (MDC) ഉൾപ്പെടുത്തി അധ്യയന സാധ്യതകൾ വർദ്ധിപ്പിച്ചിരിക്കുന്നു.

വിവിധ മേഖലകളിൽ വെന്നിക്കൊടി പാറിക്കുന്ന വ്യക്തിത്വങ്ങളെ വളർത്തിയ മഹത്തായ പാരമ്പര്യത്തിന്റെ പാഠഭൂമിയാകുന്നു ഈ കാമ്പസ്. വിജയഗാഥയുടെ സ്വർണ്ണ ലിപികളിൽ പതിഞ്ഞിട്ടുള്ള വിക്ടോറിയൻ പൂർവവിദ്യാർത്ഥികളുടെ വിശിഷ്ടനാമങ്ങളിൽ, കേരളത്തിന്റെ ആദ്യ മുഖ്യമന്ത്രിയായ ഇ എം എസ് നമ്പൂതിരിപ്പാട്, പ്രശസ്ത നിയമ വിദഗ്ധൻ, വി ആർ കൃഷ്ണയ്യർ, ജ്ഞാനപീഠം നേടിയ എഴുത്തുകാരൻ എം ടി വാസുദേവൻ നായർ, ആധുനിക സാഹിത്യത്തിലെ പ്രതിഭാസമായ ഒ വി വിജയൻ, മുൻ ചീഫ് ഇലക്ഷൻ കമ്മീഷണർ ടി എൻ ശേഷൻ, മെട്രോ മാൻ ഇ ശ്രീധരൻ, പ്രശസ്ത ചരിത്രകാരൻ കെ എൻ പണിക്കർ, പ്രശസ്ത കവി ഒളപ്പമണ്ണ, മുൻ കേന്ദ്ര മന്ത്രി ഒ രാജഗോപാൽ, പ്രശസ്തനായ എഴുത്തുകാരൻ മുണ്ടൂർ കൃഷ്ണൻകുട്ടി, സംഗീതജ്ഞൻ എം ഡി രാമനാഥൻ, പ്രശസ്ത ഇന്ത്യൻ ഫിസിസിസ്റ്റും, കാലാവസ്ഥാ ശാസ്ത്രജ്ഞനുമായ കൽപ്പാത്തി രാമകൃഷ്ണ രാമനാഥൻ, ബംഗളൂരുവിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആസ്ട്രോഫിസിക്സ് ഡയറക്ടർ ഡോക്ടർ അന്നപൂർണി സുബ്രഹ്മണ്യം എന്നിവരും, മറ്റനേകം മഹദ് വ്യക്തികളും ഉൾപ്പെടുന്നു.




## വിവിധ കോഴ്സുകൾ

കാലിക്കട്ട് സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജിൽ, 15 ബിരുദ കോഴ്സുകളും, 11 ബിരുദാനന്തര ബിരുദ കോഴ്സുകളും, 10 സജീവ ഗവേഷണ പ്രോഗ്രാമുകളും നടക്കുന്നു.

## ബിരുദ പ്രോഗ്രാമുകൾ

- ബി.എസ്.സി. ബോട്ടണി ഓണേഴ്സ്
- ബി.എസ്.സി. കെമിസ്ട്രി ഓണേഴ്സ്
- ബി.കോം ഓണേഴ്സ്
- ബി.എസ്.സി. കമ്പ്യൂട്ടർ സയൻസ് ഓണേഴ്സ്
- ബി.എ. ഇക്കണോമിക്സ് ഓണേഴ്സ്
- ബി.എ. ഇംഗ്ലീഷ് ഭാഷാ സാഹിത്യം ഓണേഴ്സ്
- ബി.എ. തമിഴ് ഭാഷാ സാഹിത്യം ഓണേഴ്സ്
- ബി.എ. ഹിന്ദി ഭാഷാ സാഹിത്യം ഓണേഴ്സ്
- ബി.എ. ഹിസ്റ്ററി ഓണേഴ്സ്
- ബി.എ. മലയാള ഭാഷാ സാഹിത്യം ഓണേഴ്സ്
- ബി.എസ്.സി. മാത്തമാറ്റിക്സ് ഓണേഴ്സ്
- ബി.എസ്.സി. ഫിസിക്സ് ഓണേഴ്സ്
- ബി.എസ്.സി. സൈക്കോളജി ഓണേഴ്സ്
- ബി.എ. സംസ്കൃത ഭാഷാ സാഹിത്യം ഓണേഴ്സ്
- ബി.എസ്.സി. സുവോളജി ഓണേഴ്സ്

## ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾ

- എം.എ. ഇക്കണോമിക്സ്
- എം.എ. ഇംഗ്ലീഷ്
- എം.എ. ഹിസ്റ്ററി
- എം.എ. മലയാളം
- എം.എസ്.സി. ബോട്ടണി
- എം.എസ്.സി. കെമിസ്ട്രി
- എം.എസ്.സി. മാത്തമാറ്റിക്സ്
- എം.എസ്.സി. ഫിസിക്സ്
- എം.എസ്.സി. സ്റ്റാറ്റിസ്റ്റിക്സ്
- എം.എസ്.സി. സുവോളജി
- എം.കോം.

## ഗവേഷണ പ്രോഗ്രാമുകൾ

- ഇംഗ്ലീഷ്
- കൊമേഴ്സ്
- ഇക്കണോമിക്സ്
- ഹിസ്റ്ററി
- മലയാളം
- ബോട്ടണി
- കെമിസ്ട്രി
- മാത്തമാറ്റിക്സ്
- ഫിസിക്സ്
- സുവോളജി



വിക്ടോറിയ കോളേജിലെ 4 വർഷ യു ജി പ്രോഗ്രാമിന്റെ ഒരു പ്രത്യേകത, വിദ്യാർത്ഥികൾക്ക് ലഭ്യമായ, തിരഞ്ഞെടുപ്പുകളുടെ വൈവിധ്യമാണ്. ശാസ്ത്രം, മാനവിക വിഷയങ്ങൾ, ഭാഷ വിഷയങ്ങൾ, സാമൂഹിക ശാസ്ത്രം തുടങ്ങിയ വൈവിധ്യമാർന്ന അക്കാദമിക് മേഖലകളിൽ ഉൾപ്പെടുന്ന, 48 മൈനർ പ്രോഗ്രാമുകളിൽ നിന്ന് അഭിരുചിക്കിണങ്ങുന്ന കോഴ്സുകൾ തിരഞ്ഞെടുക്കാൻ വിദ്യാർത്ഥികൾക്ക് അവസരം ഉണ്ട്. ഇവ കൂടാതെ, വിദ്യാർത്ഥികൾക്കായി 16 മൾട്ടി ഡിസിപ്ലിനറി കോഴ്സുകൾ, കോളേജ് നൽകുന്നു.

## മൈനർ പ്രോഗ്രാമുകൾ

- ബോട്ടണി : ബൊട്ടാണിക്കൽ ഡൈവേഴ്സിറ്റി, പ്ലാൻറ്സ് ഇൻ ഹ്യൂമൺ വെൽനസ്സ്
- കെമിസ്ട്രി : ഫണ്ടമെന്റൽസ് ഓഫ് കെമിസ്ട്രി ആൻഡ് ഫൈറ്റോ കെമിസ്ട്രി, ജനറൽ കെമിസ്ട്രി ആൻഡ് ബയോ മോളിക്യൂൾസ്, ജനറൽ ആൻഡ് തിയററ്റിക്കൽ കെമിസ്ട്രി
- കോമേഴ്സ് : ഫിനാൻഷ്യൽ സ്റ്റഡീസ്, ഫിൻ ടെക്, ഓൺട്രിപ്രെന്യൂറിയൽ ഫിനാൻസ്, ഫിനാൻഷ്യൽ റിപ്പോർട്ടിങ്, കോസ്റ്റ് ആൻഡ് മാനേജ്മെന്റ് അക്കൗണ്ടിങ്
- ഇക്കണോമിക്സ് : ഫിസ്ക്കൽ പോളിസി ഇൻ പ്രാക്ടീസ്, മോണിറ്ററി പോളിസി ഇൻ പ്രാക്ടീസ്
- ഇംഗ്ലീഷ് : ഇംഗ്ലീഷ് ഫോർ കണ്ടന്റ് ക്രിയേഷൻ, ഇംഗ്ലീഷ് ലാൻഗ്വേജ് ആൻറ് ലിറ്ററേച്ചർ
- ഹിന്ദി ഭാഷാ സാഹിത്യം :
  - ഗ്രൂപ്പ് 1- ഫങ്ഷനൽ ഹിന്ദി 1, ഫങ്ഷനൽ ഹിന്ദി 3
  - ഗ്രൂപ്പ് 2- ഹിന്ദി ലാംഗ്വേജ് ആൻഡ് ലിറ്ററേച്ചർ 1, ഹിന്ദി ലാംഗ്വേജ് ആൻഡ് ലിറ്ററേച്ചർ 2
  - ഗ്രൂപ്പ് 3- വൊക്കേഷണൽ മൈനർ മീഡിയ സ്റ്റഡീസ് 1, വൊക്കേഷണൽ മൈനർ മീഡിയ സ്റ്റഡീസ് 2
- ഹിസ്റ്ററി : ഹിസ്റ്ററി ഓഫ് മോഡേൺ വേൾഡ്, ഹിസ്റ്ററി ഓഫ് മോഡേൺ ഇൻഡ്യ, ഇക്കണോമിക് ഹിസ്റ്ററി ഓഫ് മോഡേൺ ഇൻഡ്യ
- മലയാള ഭാഷാ സാഹിത്യം : ക്ളാസിക്കൽ മലയാളം, ക്രിട്ടിക്കൽ സ്റ്റഡീസ്
- മാത്തമാറ്റിക്സ് : മാത്തമാറ്റിക്കൽ മെത്തേഡ്സ് ഫോർ സയൻസ്, ഫൗണ്ടേഷൻസ് ഫോർ മാത്തമാറ്റിക്കൽ അപ്ലിക്കേഷൻസ്, ഫൗണ്ടേഷൻസ് ഓഫ് ഡിസ്ക്രീറ്റ് മാത്തമാറ്റിക്സ്
- പൊളിറ്റിക്കൽ സയൻസ് : ഇൻഡ്യൻ കോൺസ്റ്റിറ്റ്യൂഷൻ ആൻഡ് പൊളിറ്റിക്കൽ സിസ്റ്റം, ഹ്യൂമൺ റൈറ്റ്സ്
- ഫിസിക്സ് : ഒപ്റ്റിക്കൽ ഫിസിക്സ്, മെറ്റീരിയൽസ് ഫിസിക്സ്, സെമികണ്ടക്ടർ ഫിസിക്സ്
- സൈക്കോളജി : ഫൗണ്ടേഷൻസ് ഓഫ് ബിഹേവിയർ
- സംസ്കൃത ഭാഷാ സാഹിത്യം : സാൻസ്ക്രിറ്റ് ലിൻഗ്വിസ്റ്റിക്സ്, ഇൻഡ്യൻ ഫിലോസഫി, ബേസിക് സാൻസ്ക്രിറ്റ്
- സ്റ്റാറ്റിസ്റ്റിക്സ് : സ്റ്റാറ്റിസ്റ്റിക്കൽ ഇൻഫറൻസ് ഫോർ ഡാറ്റാ സയൻസ്, സ്റ്റാറ്റിസ്റ്റിക്സ് ഫോർ ബേസിക് ഇക്കണോമിക് ഡേറ്റ അനാലിസിസ്, ഡിസ്ക്രിപ്റ്റീവ് ആൻഡ് ഇൻഫറൻഷ്യൽ സ്റ്റാറ്റിസ്റ്റിക്സ്, സ്റ്റാറ്റിസ്റ്റിക്കൽ മെത്തഡോളജീസ് ഇൻ ഡാറ്റാ സയൻസ്, ബിഹേവിയറൽ സ്റ്റാറ്റിസ്റ്റിക്കൽ ടെക്നിക്സ്
- തമിഴ് ഭാഷാ സാഹിത്യം : മൊഴി പേയർപ്, തമിഴ്നാട് ആൻഡ് ഇറ്റ്സ് കൾച്ചർ ആൻഡ് സിവിലൈസേഷൻ
- സുവോളജി : ജനറൽ സുവോളജി, ഹ്യൂമൺ ഫിസിയോളജി

അക്കാദമിക കോഴ്സുകൾ, തൊഴിൽ അധിഷ്ഠിത കോഴ്സുകൾ, എന്നിവ ഉൾപ്പെടുന്ന, സമ്മിശ്രമായ ഒരു കോഴ്സ് ബാസ്കറ്റാണ് കോളേജ് നൽകുന്നത്. അതിനാൽ, വിദ്യാർത്ഥികൾക്ക് അവരുടെ അഭിരുചിക്കനുസരിച്ച് കോഴ്സുകൾ തിരഞ്ഞെടുക്കുവാൻ സാധിക്കുന്നു.



## ലൈബ്രറി

വിജ്ഞാനത്തിന്റെ കേന്ദ്രമായ ജനറൽ ലൈബ്രറി, കേരളത്തിലെ ഏറ്റവും പഴക്കമുള്ള ലൈബ്രറികളിലൊന്നാണ്. ഏകദേശം 1.3 ലക്ഷം പുസ്തകങ്ങളുടെ വിപുലമായ ശേഖരം ഇവിടെയുണ്ട്. ഇൻഫ്ളിബ് നെറ്റ്, ഒപെക് സിസ്റ്റം, അന്താരാഷ്ട്ര നിലവാരത്തിലുള്ള കോഹ സോഫ്റ്റ്‌വെയർ എന്നിവയുടെ സഹായത്തോടെ ലൈബ്രറി സേവനങ്ങൾ പൂർണ്ണമായും ഡിജിറ്റൽ വൽക്കരിച്ചിരിക്കുന്നു. അക്കാദമികവും ഭരണപരവുമായ ആവശ്യങ്ങൾക്കായി ഡിജിറ്റൽ കമ്പ്യൂട്ടർ ലാബും ലൈബ്രറിയുടെ ഭാഗമായി പ്രവർത്തിക്കുന്നു.

## ഡിജിറ്റൽ പഠനം

ഡിജിറ്റൽ പഠനാനുഭവങ്ങൾക്കായി മൂഡിൽ പ്ലാറ്റ്ഫോമിൽ അധിഷ്ഠിതമായ എൽ എം എസ് പോർട്ടലാണ് ഉപയോഗിക്കുന്നത്. സർക്കാർ ഡിജിറ്റൽ യൂണിവേഴ്സിറ്റി സെർവറിൽ ഹോസ്റ്റ് ചെയ്തിട്ടുള്ള ഈ സംവിധാനം ഓൺലൈൻ പഠനം സുഗമമാക്കുന്നു.

## ക്ലബ്ബുകൾ

പാഠ്യപദ്ധതിക്ക് അതീതമായ വികാസത്തിനായി ഭൂമിത്രസേന, നേച്ചർ ക്ലബ്, ബേർഡ്സ് ക്ലബ്, സാഹിത്യവേദി, ക്വിസ് ക്ലബ്, ഡിബേറ്റ് ക്ലബ് തുടങ്ങിയ മിഷൻ ക്ലബ്ബുകൾ സജീവമായി പ്രവർത്തിക്കുന്നു.

## NSS, NCC

എൻ എസ് എസ് യൂണിറ്റ് സാമൂഹിക പ്രതിബദ്ധതയോടെ മാതൃകാപരമായ പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നു. രക്തദാന ക്യാമ്പുകൾ, പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ, ദുരിതാശ്വാസ പ്രവർത്തനങ്ങൾ, പരിസ്ഥിതി, ട്രാഫിക് സുരക്ഷാ ബോധവൽക്കരണം, നിയമ സാക്ഷരത തുടങ്ങിയ മേഖലകളിൽ അവർ സജീവമാണ്. കോളേജിലെ എൻ സി സി യൂണിറ്റിലെ കേഡറ്റുകൾ റിപ്പബ്ലിക് ദിന ക്യാമ്പുകളിലും പരേഡുകളിലും സ്ഥിരമായി കോളേജിനെ പ്രതിനിധീകരിക്കുന്നത് അഭിമാനകരമാണ്.

വിദ്യാർത്ഥികൾക്കായി മികച്ച സൗകര്യങ്ങളോടെയുള്ള പുരുഷ, വനിതാ ഹോസ്റ്റലുകൾ കോളേജിൽ പ്രവർത്തിക്കുന്നു.



## ഛായ

കോളേജിലെ വിദ്യാർത്ഥികൾക്കും ജീവനക്കാർക്കുമായി പ്രവർത്തിക്കുന്ന ഒരു കാരുണ്യ കൂട്ടായ്മയാണ് 'ഛായ'. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും, അപകടങ്ങൾ, രോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവർക്കും സാമ്പത്തിക സഹായം നൽകുക എന്നതാണ് ഇതിന്റെ പ്രധാന ലക്ഷ്യം. പൊതുജനങ്ങളിൽ നിന്നും അഭ്യുദയകാംക്ഷികളിൽ നിന്നും സംഭാവനകൾ സ്വീകരിച്ചാണ്, 'ഛായ' പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നത്. കോളേജ് സമൂഹത്തിനപ്പുറം, പ്രളയദുരിതാശ്വാസം പോലുള്ള പൊതുവായ സാമൂഹിക പ്രവർത്തനങ്ങളിലും 'ഛായ' പങ്കാളിയായിട്ടുണ്ട്.

## അലുംനി അസോസിയേഷൻ

ഓൾഡ് സ്റ്റുഡന്റ്സ് അസോസിയേഷൻ, വിക്ടോറിയൻ ബോട്ടണി അലുംനി അസോസിയേഷൻ, തുടങ്ങിയ പൂർവ്വ വിദ്യാർത്ഥി സംഘടനകൾ കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും വിദ്യാർത്ഥികളുടെ പുരോഗതിക്കും വിലപ്പെട്ട സംഭാവനകൾ നൽകുന്നു. പേരന്റ് ടീച്ചർ അസോസിയേഷൻ കോളേജിന്റെ അക്കാദമികവും, ഭരണപരവും, കലാകായികപരവുമായ എല്ലാ പ്രവർത്തനങ്ങളിലും ഗുണപരമായ പങ്കാളിത്തം വഹിക്കുന്നു.



**GOVERNMENT VICTORIA COLLEGE**
**PALAKKAD**

# ഗവൺമെന്റ് വിക്ടോറിയ കോളേജ് പാലക്കാട്

**Affiliated to the University of Calicut**
**NAAC Grade (4th Cycle) : 3.2, A**
**NIRF 2024 Ranking: 84 (College Category)**
**KIRF Ranking : 23**

